പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1693

22.03.2012 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## ടാങ്കർ വാതക ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) 2009 ഡിസംബർ മാസം 31-ാം തീയതി കരുനാഗപ്പള്ളി പുത്തൻതെരുവിലുണ്ടായ ടാങ്കർ വാതകദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിനിടയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിയമനം ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ ആർക്കെല്ലാമാണ്; ഇല്ലെങ്കിൽ നിയമനത്തിനുള്ള തടസ്സങ്ങൾ എന്താണ്? | (ബി) കരുനാഗപ്പള്ളിയിലുണ്ടായ ടാങ്കർ വാതകദുരന്തത്തിൽ മരണമടഞ്ഞ ഫയർ & റസ്ക്യൂ ജീവനക്കാരനായിരുന്ന സമീറിന്റെ ഭാര്യ ശ്രീമതി എ.ഷീജയ്ക്ക് സഹകരണ വകുപ്പിൽ ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടറായി നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത ദുരന്തത്തിൽ മരണപ്പെട്ട ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ കീഴിൽ വരുന്നവരുടെ ആശ്രിതരിൽ എസ്.എസ്.എൽ.സി. പാസ്സായ 3 പേർക്ക് സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാനായി നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം അപേക്ഷ സമർപ്പിച്ച ശ്രീ.അഭിലാഷിന്റെ ആശ്രിതനായ ശ്രീ.കെ.പി.അരുൺകുമാറിന് സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ്മാനായി നിയമനം നൽകികൊണ്ട് ഉത്തരവായിട്ടുണ്ട്. ദുരന്തത്തിൽ മരണപ്പെട്ട പോലീസ് കോൺസ്റ്റബിൾ സുനിൽ കുമാറിന്റെ ഭാര്യ ശ്രീമതി വിദ്യാലക്ഷ്മി ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും എന്നാൽ തന്റെ അപേക്ഷ പിൻവലിച്ച് മകൻ അനന്തു സുനിൽ പ്രായപൂർത്തിയാകുന്നമുറക്ക് നിയമനം നൽകണമെന്ന് ആവശ്യപ്പെട്ടതിനാൽ പ്രസ്തുത ആവശ്യം സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. പ്രസ്തുത അപകടത്തിൽ മരണമടഞ്ഞ മറ്റൊരു പോലീസ് ഉദ്യോഗസ്ഥനായ പ്രദീപ്കുമാറിന്റെ അവകാശികൾ ആശ്രിത നിയമന പദ്ധതി പ്രകാരം ജോലിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ